തൊഴിൽദാന പദ്ധതി അനുസരിച്ച് തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ട്. തൊഴിൽ ലഭ്യമാക്കുന്നതിന് പ്രചാരമുള്ള തൊഴിലുകളിൽ പരിശീലനം നൽകുന്നുണ്ട്. സ്വയംതൊഴിൽ കണ്ടെത്തുന്നതിലും ചെറുകിട കച്ചവടം നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൈവശഭൂമിയിൽ കൃഷി ചെയ്യുന്നതിന് വിവിധ സഹായങ്ങൾ ചെയ്തുവരുന്നു. ഉഴവുകാളകൾ, കറവപ്പശുക്കൾ, ആടുകൾ ഇവ വിതരണം ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശമനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് സൗജന്യ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം അവശതയനുഭവിക്കുന്നവർക്കും, അടിയന്തിര വൈദ്യസഹായമാവശ്യമുള്ളവർക്കും സഹായം നൽകുന്നുണ്ട്. അതിവർഷം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്ത ഘട്ടങ്ങളിൽ സൗജന്യ റേഷനും നൽകിവരുന്നുണ്ട്.

കേരളത്തിലെ ഐ. എ സ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻമാർ

341. [524] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻമാരിൽ കേരളീയർ എത്ര ;

(ബി) മറ്റ് ഓരോ സംസ്ഥാനത്തിൽ നിന്നുമുള്ളവരെത്ര ;

(സി) അവരിൽ സ്ത്രീകളെത്ര ;

(ഡി) അവരിൽ പട്ടികജാതിക്കാരെത്ര ; പട്ടിക വർഗ്ഗക്കാരെത്ര ; മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർ എത്ര വീതം ?

ഉത്തരം

(എ) ഐ. എ. എസ് 86
ഐ പി. എസ്. 58
ഐ. എഫ്. എസ്. 37

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഐ. എ. എസ്. 9
ഐ. പി. എസ്. }
എ. എഫ്. ഐ.എസ്. } ഇല്ല.

(ഡി)

പട്ടികജാതി		പട്ടികവർഗ്ഗം
ഐ. എ. എസ്.	20	3
ഐ. പി. എസ്.	7	2
ഐ. എഫ്. എസ്.	7	1

അഖിലേന്ത്യാ സർവീസുകളിലേക്കുള്ള നിയമനങ്ങളിൽ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണമില്ല. അതുകൊണ്ട് ഇതേപ്പറ്റി വിവരം ശേഖരിച്ചിട്ടില്ല.

342. [525] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊച്ചിയിൽ ഒരു റേഡിയോ നിലയം സ്ഥാപിക്കാനുള്ള സ്ഥലം നൽകാത്തതുകൊണ്ട് റേഡിയോ നിലയം സ്ഥാപിക്കുവാൻ സാധിക്കുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ഥലം കിട്ടുന്നതിനുവേണ്ടി ഗവൺമെൻറ് എന്തു നടപടികൾ കൈക്കൊണ്ടു ;

(സി) റേഡിയോ നിലയം എന്നത്തേക്ക് പ്രവർത്തിച്ചു തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

† അനുബന്ധം—IV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന ഗവൺമെൻറിനും ആകാശവാണി അധികൃതർക്കും സ്വീകാര്യമായ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ട് 24-12-1985-ൽ എറണാകുളം ജില്ലാ കളക്ടർ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ആകാശവാണിയിലെ ഉദ്യോഗസ്ഥൻമാർകൂടി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ നഗരത്തിൽ ലഭ്യമായ സ്ഥലങ്ങളുടെ അനുയോജ്യതയെപ്പറ്റി പഠിക്കുന്നതിനു് ആകാശവാണിയിലെ വിദഗ്ധരെ അധികം താമസിയാതെ കൊച്ചിയിലേക്ക് അയയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള തീരുമാനം എടുക്കുകയുണ്ടായി. അപ്രകാരം വിദഗ്ധരെ അയയ്ക്കുവാൻ താമസിച്ചതുകൊണ്ട്, ആകാശവാണി ദക്ഷിണമേഖലാ ചീഫ് ഇഞ്ചിനീയർക്ക് ഗവൺമെൻറ് പ്രത്യേകമായി എഴുതിയിരിക്കുകയാണ്.

(സി) ഇക്കാര്യം കേന്ദ്രഗവൺമെൻറ് തീരുമാനിക്കേണ്ടതാണ്.

പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തവർക്ക് സ്വാതന്ത്ര്യ സമര പെൻഷൻ

343. [526] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര-വയലാർ സമരത്തെ ദേശീയ സ്വാതന്ത്ര്യസമരമായി അംഗീകരിച്ച് അതിൽ പങ്കെടുത്തവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തിട്ടുള്ള എത്ര പേർക്ക് ഇതിനാലകം സ്വാതന്ത്ര്യസമരഭട പെൻഷൻ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും ആ സമരത്തിൽ പങ്കെടുത്തിട്ടുള്ള ആർക്കെങ്കിലും സ്വാതന്ത്ര്യസമരഭട പെൻഷൻ ലഭിക്കാതെ വന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ കാരണം എന്താണ് ;

(ഇ) അവർക്കുകൂടി സ്വാതന്ത്ര്യസമരഭടപെൻഷൻ നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുന്നപ്ര-വയലാർ സമരത്തെ സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി സംസ്ഥാനഗവൺമെൻറ് അംഗീകരിക്കുകയും അതിൽ പങ്കെടുത്തവർക്ക് നിലവിലുള്ള നിയമനുസരിച്ച് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുകയും ചെയ്തുവരുന്നുണ്ട്. പുന്നപ്ര-വയലാർ സമരം ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി അംഗീകരിച്ച് പെൻഷൻ നൽകണമെന്ന് കേന്ദ്രഗവൺമെൻറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 920.

(സി), (ഡി) & (ഇ) ആലപ്പുഴ ജില്ലയിൽ സംസ്ഥാന സ്വാതന്ത്ര്യ സമര ഭടപെൻഷനുവേണ്ടിയുള്ള 3019 അപേക്ഷകൾ പരിഗണനയിലാണ്. ഇതിൽ ഒരു നല്ലവിഭാഗം അപേക്ഷകരും പുന്നപ്ര-വയലാർ സമരത്തിൽ പങ്കെടുത്തിട്ടുള്ളതായി അവകാശപ്പെട്ടിരിക്കുന്നു. എല്ലാ അപേക്ഷകളിലും അവസാനതീരുമാനം എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly